# SAMPLE QUESTION PAPER FOR BOARD EXAM-2011

## MALAYALAM

STD XII മലയാളം

Time allowed 3hrs
Maximum Marks : 100

**Writing Skills - 25**

1 a, മാതൃഭാഷയുടെ ഉന്നമനത്തിനു വേണ്ടിയുള്ള നിർദ്ദേശങ്ങളോടുകൂടിയ ഒരു കത്ത് പ്രമുഖ പത്രത്തിന്റെ പത്രാധിപർക്ക് തയ്യാറാക്കുക. (10)

അല്ലെങ്കിൽ

'വഴിയോരങ്ങളിലെ യോഗനടപടികൾ റദ്ദാക്കണമെന്ന ഹൈക്കോടതിയുടെ ഉത്തരവിനെ അടിസ്ഥാനമാക്കി' ഒരു പൗരൻ എന്ന നിലയ്ക്ക് നിങ്ങളുടെ അഭിപ്രായം വ്യക്തമാക്കും വിധം പത്രാധിപർക്ക് ഒരു കത്ത് തയ്യാറാക്കുക.

b, 'സാമൂഹ്യ പ്രതിബദ്ധതയില്ലാത്ത യുവതലമുറ' എന്ന ചർച്ചയിൽ നിന്നും ഉൾക്കൊള്ളാൻ കഴിഞ്ഞ കാര്യങ്ങൾ ഒരു റിപ്പോർട്ടിലൂടെ അവതരിപ്പിക്കുക. (5)

അല്ലെങ്കിൽ

നമ്മുടെ ജീവന് ആധാരമായ ജലസ്രോതസ്സുകൾ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ഒരു റിപ്പോർട്ട് തയ്യാറാക്കുക.

c, താഴെ കൊടുത്തിരിക്കുന്ന ഖണ്ഡിക വായിച്ച് ചുവടെ ചേർത്തിട്ടുള്ള ചോദ്യങ്ങൾക്ക് ഉചിതമായ ഉത്തരം നൽകുക:-

തെരുവു നാടകം ഒരു കലാരൂപം എന്ന നിലയ്ക്ക് നിയതമായ രൂപഘടനയോട് ശാഠ്യം പുലർത്തുന്ന ഒന്നല്ല. സംവേദനത്തിനു വേണ്ടി അതിനുതകുന്ന ഏതൊരു രൂപവും സ്വീകരിക്കാൻ തയ്യാറായ നാടകവേദിയാണ് തെരുവ് നാടകവേദി.

ഇന്ന് തെരുവ് നാടകം എന്ന സംജ്ഞയിൽ അവതരിക്കപ്പെട്ടു കൊണ്ടിരിക്കുന്ന നാടകവേദി സൈദ്ധാന്തികമായി ഒരു തെരുക്കോൺ നാടകമാണ്. തെരുവ് നാടകങ്ങൾ ഇന്ന് അതിന്റെ അവതരണശൈലി തെരുവിന്റെ ഒരു ഭാഗത്തേക്ക് ഒതുക്കിയിരിക്കയാണ്. ഇങ്ങനെ സൈദ്ധാന്തികമായി തെരുവു നാടകത്തെ വിലയിരുത്താമെങ്കിൽ തെരുവുനാടകത്തിന്റെ സ്വഭാവത്തെ ആസ്പദമാക്കിയാണ് അവതരണത്തിൽ തെരിക്കോൺ സ്വഭാവം പ്രകടിപ്പിക്കുമെങ്കിലും വിഷയത്തിലും സമീപനത്തിലും തെരുവുനാടകത്തിന്റെ സ്വഭാവ വിശേഷങ്ങൾ പ്രകടിപ്പിക്കകയാണെങ്കിൽ അവയെ തെരുവുനാടകമായി കണക്കുകൂട്ടേണ്ടതുണ്ട്.

തെരുവുനാടകത്തിൽ നാടകരൂപത്തിന് പ്രസക്തിയില്ല. തെരുവു നാടകത്തിൽ അടങ്ങയിരിക്കുന്ന പ്രധാനപ്പെട്ട രണ്ട് അംശങ്ങളാണ് നടനം നാടകവേദിയും പ്രേക്ഷകന്റെ കാര്യത്തിലാണ് തെരുവുനാടകം മറ്റ് സ്റ്റേജ് നാടകങ്ങളിൽ നിന്നും വ്യത്യസ്തമാകുന്നത്. തെരുവുനാടകത്തിന്റെ പ്രേക്ഷകരെ തിരക്കുകളിൽ നിന്നും സ്വകാര്യ വ്യവഹാരങ്ങളിൽ നിന്നും അല്പ നേരത്തേക്ക് അവരുടെ ശ്രദ്ധയെ ആകർഷിക്കുക എന്നത് ശ്രമകരമാണ്. തെരുവുനാടകത്തിൽ മറ്റു സാങ്കേതികത്വത്തിന്റെ നിറപ്പകിട്ടുകളൊന്നും തന്നെ നടന്റെ സഹായത്തിനില്ല. അരങ്ങത്ത് നടനും നടന്റെ ശരീരവും മാത്രമേ അവന്റെ വരുതിക്കകത്തായി നിലനില്ക്കുന്നുള്ളൂ. കാണികളുടെ അഭിരുചിയ്ക്കനുയോജ്യമാം വിധം അഭിനയിച്ചു ഫലിപ്പിയ്ക്കുവാൻ നടനു കഴിയുമ്പോൾ മാത്രമേ തെരുവു നാടകം വിജയിക്കൂ.

**ചോദ്യങ്ങൾ**

1. തെരുവ് നാടകവേദി എന്നാലെന്ത് ? (2)
2. തെരുവ് നാടകത്തിന്റെ ഇന്നത്തെ അവതരണശൈലി എപ്രകാമാണ് ? (2)
3. തെരുക്കോൺ നാടകം തെരുവ് നാടകമായി കണക്കാക്കുന്ന സന്ദർഭമേത് ? (2)
4. തെരുവ് നാടകം മറ്റുനാടകങ്ങളിൽ നിന്ന് വ്യത്യസ്തമാണെന്നു പറയുന്നതെന്തുകൊണ്ട് ? (2)
5. നടന്റെ പ്രാമുഖ്യം തെരുവ് നാടകത്തിൽ പ്രകടമാകുന്നതെപ്പോൾ ? (2)

**Grammar - 25**

2 a, അലങ്കാരം നിർണ്ണയിച്ച് ലക്ഷണമെഴുതി സമന്വയിക്കു:- (7)

"കാലത്തിൻ പലകപ്പിറത്തു ശരണം
കാണാതെഴും നമ്മളെ -
ച്ചാലേ മന്ന കുരുക്കൾ പോൽ വിധിനിര-
ത്തീടുന്നു നീക്കുന്നുതേ"

അല്ലെങ്കിൽ

മാനത്തെ ബ്ഭഞ്ജിപ്പാനിമർത്ത്യരക്ഷസ്സി-
ന്നാണെന്നും പെണ്ണെന്നും ഭേദമില്ല
അന്നത്തെ രംഗം ഞാനോർക്കുന്നു,കൗരവ്യ
ദുർന്നയ ബീഭത്സ നൃത്തരംഗം.

b, 'വർണ്യത്തിലാശങ്ക' ഉണ്ടാക്കുന്ന അലങ്കാരമേത് പ്രസ്തുത അലങ്കാരത്തിന്റെ വിഭാഗങ്ങൾ ലക്ഷണമെഴുതി സമർത്ഥിക്കുക:- (9)

അല്ലെങ്കിൽ

രൂപകം, ഉപമ എന്നീ അലങ്കാരങ്ങൾ ലക്ഷ്യ ലക്ഷണ സമന്വയം ചെയ്ത് താരതമ്യം ചെയ്യുക.

c, 'ഉള്ളതിൽ കവിഞ്ഞ ചൊല്ലുള്ളത് 'എന്നു വിശേഷിപ്പിക്കുന്ന അലങ്കാരത്തിന്റെ വിഭാഗങ്ങൾ ലക്ഷ്യ ലക്ഷണ സമന്വയം ചെയ്യുക. (9)

അല്ലെങ്കിൽ

ഉപമയുടെ വിഭാഗങ്ങൾ ലക്ഷ്യ ലക്ഷ്യണ സമന്വയം ചെയ്ത് വിശദമാക്കുക

**Prose, Poetry - 50**

3 a, "വമ്പുറ്റുനിന്നൊരു വങ്കുന്നു വന്നിട്ടു
തങ്കലേ വീഴുന്നതെന്നു തോന്നി"
-തോന്നിയതാർക്ക് ? തോന്നാനുണ്ടായ കാരണം, സന്ദർഭം, ആശയം, സാരസ്യം ഇവ വിശദമാക്കുക (7)

അല്ലെങ്കിൽ

"ഇരിക്കുന്നീല ഞാനവനിയിലിനി
മരിക്കുന്നേനെന്നു തുനിഞ്ഞുതന്നുടെ
കരത്തിലെ വാളൊന്നിരിക്കുന്നില്ലവേ"
- അവനിയിലിരിക്കുന്നില്ല എന്നു പറഞ്ഞതാര്? പറയാനുണ്ടായ കാരണം, സന്ദർഭം, പിന്നീടുണ്ടായ നാടകീയ മുഹൂർത്തം ഇവ വിശദമാക്കുക.

b, കാട്ടാളൻ ചെയ്ത സഹായം, അവന്റെ മോഹം, ദമയന്തിയുടെ കോപം, പ്രത്യാഘാതം ഇവ വിവരിക്കു:- (7)

അല്ലെങ്കിൽ

പുരുഷ ദോഷങ്ങൾ വിവരിക്കുന്നതിൽ കുഞ്ചൻ നമ്പ്യാർ പ്രകടിപ്പിക്കുന്ന ഹാസ്യവും സ്വാഭാവികതയും വിശദമാക്കുക:-

4 a, 'ഈ വഴിപോയാൽ ലോകത്തിൽ സാമ്യമില്ലാത്ത രണ്ടു വസ്തുക്കളില്ലെന്നു പറയരുതോ' ?
- ഏതു വഴിപോയാൽ ? ആരുടെ അഭിപ്രായമാണിത് ? ഈ വരികളിലെ ധ്വനിയെന്ത് ?

അല്ലെങ്കിൽ

ഭാഗ്യക്കുറി, സമ്മാനം കിട്ടൽ, അതിലുള്ള വഞ്ചന ഇതൊക്കെ സഞ്ജയൻ എങ്ങനെ വർണ്ണിച്ചിരിക്കുന്നുവെന്ന് വിവരിക്കുക:-

b, ചന്തു മേനോൻ എഴുതിയത് വിശേഷപ്പെട്ട ഗദ്യമല്ലെന്നും പ്രയോഗങ്ങളുടെ കാര്യത്തിൽ ഉദാസീനനായിരുന്നു വെന്നും പറയുന്നു. എന്നിട്ടും അദ്ദേഹത്തിന്റെ ആഖ്യനത്തിന് അസാധരണമായ വശ്യതയുണ്ട്. എന്ന് പറഞ്ഞരിക്കുന്നതെന്തുകൊണ്ട് ? ഈ അഭിപ്രായം വിലയിരുത്തുക. (5)

അല്ലെങ്കിൽ

പുതിയ നൂറ്റണ്ടിലെ പുതിയ ജീവിതത്തിന് നാം എങ്ങനെയാണ് അടിത്തറയിടേണ്ടത് ?

5. ദ്വരക എന്ന കഥയെ ആസ്പദമാക്കി കുഞ്ഞിരാമൻ നായരുടെ ആഖ്യാന രീതിയുടെ സവിശേഷത എന്തെന്നു നിരൂപിക്കുക:- (6)

അല്ലെങ്കിൽ

"എനിക്കുള്ള മോഡൽ ഞാൻ നിശ്ചയിക്കും"
- പാപ്പന്റെ ഈ പ്രഖ്യാപനത്തിലെ സ്വതന്ത്ര്യ മോഹം വിവരിക്കുക

6. സമൂഹാംഗമായ വ്യക്തി, വികാരവാനായ മനുഷ്യൻ എന്നീ നിലകളിലുള്ള ആസാദിന്റെ മഹത്വം വ്യക്തമാക്കുക. (6)

അല്ലെങ്കിൽ

ഈ സംഗമം ഇന്ത്യയുടെ ചരിത്രത്തിലെ ശ്രദ്ധേയമായ സംഭവമാണ്- ഏതു സംഭവത്തെക്കുറിച്ചാണിവിടെ സൂചിപ്പിക്കുന്നത്? ആസാദിന്റെ വ്യക്തി പ്രഭാവത്തിന്റെ രഹസ്യമായി ഡോ. എം. ലീലാവതി കാണുന്ന മേന്മകളേവ?

7. ദുര്യോധനൻ പാണ്ഡവരെ ദുഷിച്ച് കർണനോടു പറഞ്ഞകാര്യങ്ങൾ സംഗ്രഹിക്കുക- സന്ദർഭം സൂചിപ്പിക്കുക. (10)

അല്ലെങ്കിൽ

ഭാഷാപാണ്ഡിത്യവും ഇതിഹാസ പുരാണാദികളിലുള്ള അവഗാഢമായ അറിവും ഭാരതീയ സംസ്ക്കാരാഭിനിവേശവും ആർഷ ദർശനങ്ങളോടുള്ള ആരാധനാ ഭാവവും ഉള്ളൂരിന്റെ ആന്തര വ്യക്തിത്വ മുദ്രകളാണ് വിദൂരഭിക്ഷയെ അടിസ്ഥാനമാക്കി ഈ അഭിപ്രായം വിലയിരുത്തുക.

# SAMPLE QUESTION PAPER FOR BOARD EXAM-2011

## MALAYALAM (ANSWER KEY)

**STD XII**

### Writng Skills - 25

1 a) i) പ്രേക്ഷകൻ, മേൽവിലാസം, സ്വീകർത്താവ്, മേൽവിലാസം - മാതൃഭാഷ ഒന്നാം ഭാഷയായി പഠിപ്പിക്കാനും ആഭിമുഖ്യം വളർത്താനുമുള്ള അവസരം - ഉപസംഹാരം - ഒപ്പ് (10)

ii ) പ്രേക്ഷകൻ, മേൽവിലാസം, സ്വീകർത്താവ്, മേൽവിലാസം - ഹൈക്കോടതി ഉത്തരവിന്റെ സാംഗത്യം - സ്വന്തമായ കാഴ്ചപ്പാട് - ഉപസംഹാരം - ഒപ്പ്

b i ) ഉചിതമായ തലക്കെട്ട് - സ്ഥലം - ചർച്ചയിൽ ഉൾപ്പെട്ടവർ - ചർച്ചയിലെ പ്രധാന ആശയം - പത്ര ഭാഷശൈലി (5)

ii ) ഉചിതമായ തലക്കെട്ട് - സ്ഥലം - തീയതി - ചർച്ചാവിഷയത്തിലെ പ്രസക്തഭാഗം -പത്രഭാഷ ശൈലി.

c 1. തെരുവു നാടകം ഒരു കലാരൂപം ..........................................................തെരുവ് നാടകവേദി (10)

2. ഇന്ന്.........................................ഒതുക്കിയിരിക്കയാണ്.

3. ഇങ്ങനെ സൈദ്ധാന്തി.......................................................കണക്കു കൂട്ടേണ്ടതുണ്ട്.

4. തെരുവു നാടകത്തിൽ ..........................................................വ്യത്യസ്തമാകുന്നത്.

5. തെരുവു നാടകത്തിൽ............................................................വിജയിക്കു.

### Grammar - 25

2 a i ) ആശയം - വിധി അശരണരായ നമ്മെ ചതുരംഗ കരുക്കളെപ്പോലെ കാലമാകുന്ന (7)

പലകപ്പുറത്ത് നിരത്തുകയും കരുനീക്കുകയും ചെയ്യുന്നു. വിധിയുടെ കൈകളിൽ നാം നിസ്സഹായ തയെന്ന സൂചന വിധി ലോക ജീവിതത്തെ ചതുരംക്കരുക്കളെപ്പോലെ കാലമാകുന്ന പലകപ്പുറത്ത് നിരത്തി രസിക്കുന്നു.

ഇവിടെ മനുഷ്യജീവിതത്തെ കാലമാകുന്ന പലകപ്പുറത്തു നിരത്തിയിരിക്കുന്ന കരുവിനോടു തുല്യ പ്പെടുത്തിയിരിക്കുന്നു.

ഉപമേയം - മനുഷ്യജീവിതം

ഉപമാനം - ചതുരംക്കരുക്കൾ സാധാരണധർമ്മം - നീക്കുകയും വെട്ടുകയും ചെയ്യുന്നു.

ഉപവാചകം - പോലെ രൂപകം - കാലമാകുന്ന പലകപ്പുറം എന്നിടത്ത് രൂപാലങ്കാരം പറയാം (ഉപമയും, രൂപകവും വരും - സമർഥിക്കും വിധം)

ii) അഭിമാനത്തെ തകർത്തു തരിപ്പണമാക്കുന്നതിൽ മനുഷ്യരാക്ഷസന് ആണെന്നോ പെണ്ണെന്നോ ഭേതമില്ല. അന്നത്തെ രംഗം - സഭാമദ്ധ്യത്തിൽ പാഞ്ചാലിയെ വലിച്ചിഴച്ചകഥ സൂചിപ്പിക്കയാൽ

ഉദാത്തം അലങ്കാരം - ലക്ഷണം - സമന്വയം.

b i) ഉൽപ്രേക്ഷ - ലക്ഷണം - ലക്ഷ്യം - സമന്വയം വിഭാഗങ്ങളെല്ലാം വേണം. (9)

ii) രൂപകം - ലക്ഷണം - ലക്ഷ്യം - സമന്വയം (9)

ഉപമ - ലക്ഷണം - ലക്ഷ്യം - സമന്വയം

ഉപമാനവും ഉപമേയവും രണ്ടു വസ്തുക്കളല്ല ഒന്നുതന്നെ എന്ന് അഭേതം കല്പിച്ച് ഉപമാന ധർമ്മത്തെ എടുത്ത് ഉപമേയത്തിൽ വയ്ക്കുന്നത് രൂപകം. ഉപമയിൽ ഉപമാനമെന്നും ഉപമേയമെന്നും രണ്ടാ യിട്ടു കാണപ്പെടുന്ന വസ്തുക്കളിൽ ഉള്ള ഭേതബുദ്ധിയെ ഉപേക്ഷിച്ചാൽ അത് രൂപകം 'സംസാരം'എന്നുപറയുന്നത് 'ഒരു സാഗരം' തന്നെ എന്ന് അഭേതം കല്പിച്ചാൽ രൂപകവും 'സാഗരത്തിലെന്ന പോലെ സംസാരത്തിൽ മുങ്ങൊലാ' എന്നു പറഞ്ഞാൽ ഉപമയും ആകുന്നു.

c, i) അതിശയോക്തി അലങ്കാരത്തിന്റെ വിഭാഗങ്ങളുടെ പേരുകളെല്ലാം എഴുതുക. പത്തെണ്ണം മാത്രം വിവരിക്കുക - ലക്ഷണ സമന്വയം ചെയ്യുക. (9)

ii) ഉപമ - വിഭാഗങ്ങൾ എല്ലാ ലക്ഷ്യ ലക്ഷണ സമന്വയം ചെയ്യുക.

**Prose, Poetry - 50**

3 a i) കൃതി കർത്താവ് - കൃഷ്ണനും കാളിയനും ഏറ്റുമുട്ടൽ - മസ്തകത്തിൽ നൃത്തമാടി പാദപതനം വലിയകുന്നു പോലെ - കോമളമായ പാദപതനം മനസ്സുകൾക്ക് കോമളം ദുഷ്ടജനത്തിന് വേദനാജനകം. (7)

ii) കൃതി, കർത്താവ് - പാർത്ഥന്റെ അഭിപ്രായം - ഗുരുനിന്ദ - ആത്മഹത്യ - നാടകീയ സംഭവങ്ങൾ.

b i) കൃതി, കർത്താവ് - കാട്ടാളൻ - രണ്ടാം ദിവസം - ശ്രദ്ധേയമായ സ്ഥാനം - ദമയന്തിയുടെ ദീനാരോദനം - സ്ത്രീ ശബ്ദം കേട്ട് എത്തുന്നു - ജാതി ചിന്ത - പെരുമ്പാമ്പിൽ നിന്ന് രക്ഷണം - പ്രേമാഭ്യർത്ഥന - ദമയന്തി ശാപം (7)

ii) കൃതി, കർത്താവ് - കേരളീയ തനിമ - സാമൂഹ്യ വിമർശനം - രുഗ്മിണീ വിവാഹം - അനുപ്രാസ ബഹുലമായ വിവരണം - സുന്ദര ശരീരൻ മുടന്തൻ - ഒറ്റക്കണ്ണൻ, പല്ലില്ലാത്ത വിദ്വാൻ - വിരൂപനായ ശാസ്ത്രജ്ഞൻ - ഗ്രഹണ ശക്തിയുള്ള വിക്കൻ - മുതലായവ.............. മൂന്നാലു വരികൾ ഉദ്ധരിച്ച് ആശയം കുറേക്കൂടി ഭംഗിയാക്കാം.

4 a i) കൃതി, ലേഖകൻ - കാദംബരി - ശുഷ്ക ശാല്മലീ, വൃക്ഷം - ശ്ലേഷം - വിരോധം - വൃദ്ധവാനരലാംഗുലം പോലെ ശോഭിക്കുന്ന ഇലവുമരം - ഏകശബ്ദവാചിത്വം - പത്രാവലി - ശ്ലേഷോപമയുടെ പോക്ക് (5)

ii) കൃതി - ജനങ്ങളുടെ വ്യാമോഹം പെരുപ്പിക്കുന്നു - പരസ്യക്കമ്പനി - വ്യജനെ അറിയുന്നില്ല - ആനയെക്കാട്ടി - ഒന്നാം സമ്മാനക്കാരനെ പരിഹസിക്കുന്നു - കാളയ്ക്കു പകരം - സ്വർണ്ണവളകൾക്കു പകരം

b i) ഭാഷയിലെ തെറ്റുകൾ - കാവ്യ സൗന്ദര്യമല്ല സ്വഭാവികത - ശൈലിയുടെ മഹത്വം ഇന്ദുലേഖയും, ശാരദയും - ആധുനികത - ഗത്യരീതി - സംസാര ഭാഷ - ദാസി അമ്മു പറഞ്ഞോളും - ചിരിപ്പിക്കുവാനുമുള്ള നോവലിസ്റ്റിന്റെ കഴിവ്. (5)

ii) കഴിഞ്ഞ നൂറ്റാണ്ടിലെ തിന്മകൾ - അമിതമായ ഉപഭോഗാസക്തി സോഷ്യലിസ്റ്റ് സമൂഹം - പുരോഗതിയെക്കുറിച്ചുള്ള മുതലാളിത്ത സങ്കല്പം - പാർപ്പിടം - വസ്ത്രം - വിദ്യാഭ്യാസം - ആരോഗ്യസേവനം - ഉത്പാദന സ്വയംപര്യപ്തത - വൈദ്യുതോത്പാദനം - ആഗോളക്കുത്തകകൾക്കെതിരായ പ്രവർത്തനം അയൽക്കൂട്ട പ്രവർത്തനം - ഭൗതികം ആത്മീയം കൈകോർത്ത് - ധനിക - ദരിദ്രവ്യത്യാസമില്ലായ്മ.

5 i) വേങ്ങയിൽ കുഞ്ഞിരാമൻ നായർ - ആമുഖം സരസത - ഭാവസാന്ദ്രത - ശാസ്ത്രബോധം പുരാണ സങ്കല്പം - കഥാതന്തുചുരുക്കം. കടലിനടിയിൽ കണ്ട അദ്ഭുതം - സ്വപ്നാനുഭവം എന്ന് ഏറ്റവും ഒടുവിൽ ആസ്വാദർക്ക് മനസ്സിലാകുന്ന രചനാ രീതി. (6)

ii) കഥാകൃത്ത് - ചെറിയൊരാമുഖം. സ്വതന്ത്ര്യ സമര പശ്ചാത്തലം സർ സി. പി. - അമേരിക്കൻ മോഡൽ തയ്യൽക്കാരൻ ഫ്രാൻസിസ് - അടിച്ചേല്പിക്കുന്ന നിലപാട് - പാപ്പന്റെ അവകാശബോധം.

6 i) ഡോ. എം. ലീലാവതി - ആമുഖം (10)

ii) മൗലാന - ആമുഖം - മാതൃരാജ്യസ്നേഹി - മതസഹിഷ്ണത

ഇന്ത്യൻ ഹിന്ദുവിനുള്ള ദേശസ്നേഹം മുസ്ലീങ്ങൾക്കും ഉണ്ടാകണം - വിഭജിച്ചു ഭരിക്കൽ - സാമ്രാജ്യവാദം ചതിക്കുഴി.

വൈകാരികത - ബ്രിട്ടനൊപ്പം നില്ക്കാൻ തീരുമാനിച്ച മുസ്ലീങ്ങളോട് കോപം - ലേഖനങ്ങളും പ്രസംഗങ്ങളും ആളുകളെ ആകർഷിക്കും വിധം - ഇസ്ലാം മത വിശ്വാസിയെങ്കിലും മതേതരത്തം - ഗാന്ധിയുടെ ആശയത്തെ പിൻ തുടരുന്നു - ഇംഗ്ലീഷുകാർക്കെതിരെ പൊരുതി - മാതൃകയാക്കാവുന്ന വ്യക്തിത്വം.

7 i) കൃതി, കർത്താവ് - ആമുഖം കഥാസംഗ്രഹം - ദുര്യോധനൻ കൃഷ്ണനെയും - പാണ്ഡവരെയും ദുഷിച്ചത് -4-ാമത്തെ ശ്ലോകം മുതൽ 21 വരെയുള്ള ഭാഗത്തിന്റെ സംഗ്രഹം. (10)

ii) വിദുരഭിക്ഷയ്ക്കും, ഉള്ളൂരിനും - ആമുഖം സന്ധിദൗത്യവുമായി എത്തുന്ന കൃഷ്ണൻ വിദുരരോടൊപ്പം രഥമേറിപ്പോകുന്നു. - കഥാപാത്രങ്ങളെക്കുറിച്ചുള്ള പാണ്ഡിത്യം - വേദാന്തചിന്തകൾ - കൃഷ്ണ ഭക്തി ദുഷ്ടകഥാപാത്രത്തോട് വെറുപ്പുതോന്നുംവിധമുള്ള അവതരണം - മിതമായ വർണ്ണന ആസ്വാദക ഹൃദയത്തിൽ നിറഞ്ഞു നില്ക്കുന്ന കഥാപാത്ര സ്വഭാവം - വരികൾ ഉദ്ധരിക്കാം സന്ദർഭാനുസരണം.